LIBRARY ARCHIVES Kerala Legislative Assembly

പ്രകടനക്കാരെ പോലീസ് മർദ്ദിച്ച സംഭവം

91 [92] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. നയങ്ങൾക്കും, ദ്രോഹനടപടികൾക്കുമെതിരെ തിരുവനന്തപുരത്ത് സമാധാനപരമായി പ്രകടനം നടത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ ക്രൂരമായി മർദ്ദിച്ച പോലീസുകാർക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സമാധാനപരമായി നടത്തുന്ന ജനകീയ സമരങ്ങൾ അടിച്ചമർത്തുന്ന പോലീസിന്റെ പ്രവണത തിരുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) എ.ഡി.ബി. നയങ്ങൾക്കും, ദ്രോഹനടപടികൾക്കുമെതിരെ തിരുവനന്തപുരത്ത് സമാധാനപരമായി പ്രകടനം നടത്തിയ ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ പോലീസ് മർദ്ദിച്ചിട്ടില്ല.

(ബി) സമാധാനപരമായി നടത്തുന്ന ജനകീയ സമരങ്ങൾ അടിച്ചമർത്തുന്ന പ്രവണത ഈ സർക്കാരിന്റെ നയമല്ല.

മാങ്കാംകുഴി കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

92 [93] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ മാവേലിക്കര സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ നൂറനാട്, കുറത്തിക്കാട്, മാവേലിക്കര എന്നീ പോലീസ് സ്റ്റേഷൻ അതിർത്തികൾ ഡിലിമിറ്റ് ചെയ്ത് മാങ്കാംകുഴി കേന്ദ്രമാക്കി വെട്ടിയാർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ മൂന്ന് പോലീസ് സ്റ്റേഷനുകളുടേയും അതിർത്തിയിലുള്ളതും ഒറ്റപ്പെട്ട് കിടക്കുന്നതുമായ പ്രദേശത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അടിയന്തിരമായി ഇവിടെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി പുതിയ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.